**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഓവർസിയർമാരുടെയും എ.ഇ.മാരുടെയും ഒഴിവുകൾ നികത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര, മേലടി, പന്തലായനി ബ്ലോക്കുകളിലും, പ്രസ്തുത ബ്ലോക്കുകളുടെ കീഴിൽ വരുന്ന പഞ്ചായത്തുകളിലും ഗ്രേഡ് 1, ഗ്രേഡ് 2, ഗ്രേഡ് 3 ഓവർസിയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ഒരു രണ്ടാംതരം ഓവർസിയർ, 3 മൂന്നാംതരം ഓവർസിയർ തസ്തികകളിൽ ഒഴിവുകളുണ്ട്.<br><br>മേലടി ബ്ലോക്ക് പഞ്ചായത്തിലോ അതിന് കീഴിൽ വരുന്ന ഗ്രാപഞ്ചായത്തുകളിലോ ഒന്നാംതരം ഓവർസിയർ, രണ്ടാംതരം ഓവർസിയർ, മൂന്നാംതരം ഓവർസിയർ തസ്തികകളിൽ ഒഴിവുകളില്ല.<br><br>പന്തലായനി ബ്ലോക്ക് പഞ്ചായത്തിന് പരിധിയിൽ ഒരു ഒന്നാംതരം ഓവർസിയർ തസ്തിക ഒഴിവുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ പി.എസ്.സി.യുടെ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഓവർസിയർമാരുടെയും എ.ഇ.മാരുടെയും പ്രമോഷൻ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഓവർസിയർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. ഒന്നാംതരം ഓവർസിയർ തസ്തികയിൽ നിന്നും ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം വഴി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് 2022-ൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് അർഹതയുള്ളവരുടെ ഡി.പി.സി. ലിസ്റ്റും നിലവിലുണ്ട്. 2023-ലേയ്ക്കുള്ള ഉദ്യോഗക്കയറ്റം വഴി നിയമനം നൽകേണ്ടവരുടെ ഡി.പി.സി. ലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള lower DPC 2022 ഡിസംബർ മാസത്തിൽ ചേരുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ